# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6354 — 03.04.2018-ൽ മറുപടിക്ക്

**ഡോ.ബി.ആർ.അംബേദ്കറെ കുറിച്ചുള്ള സിനിമ**

**ചോദ്യം**

ശ്രീ. അബ്ദുൽ ഹമീദ്.പി

**മറുപടി**

ശ്രീ. എ.കെ.ബാലൻ

(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡോ.ബി.ആർ.അംബേദ്കറെ കുറിച്ച് ജബ്ബാർ പട്ടേൽ സംവിധാനം ചെയ്ത് നിർമ്മിച്ച് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്ത സിനിമയ്ക്ക് കേരളത്തിൽ പ്രദർശനാനുമതി നിഷേധിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ഡോ.ബി.ആർ.അംബേദ്കറെ കുറിച്ച് ജബ്ബാർ പട്ടേൽ സംവിധാനം ചെയ്ത് നിർമ്മിച്ച് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്ത സിനിമയ്ക്ക് കേരളത്തിൽ പ്രദർശനാനുമതി സംസ്ഥാന സർക്കാർ നിഷേധിച്ചിട്ടില്ല.<br>കേരളത്തിൽ സിനിമകൾക്ക് പ്രദർശനാനുമതി നൽകുന്നതും നിഷേധിക്കുന്നതും കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻസർ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ആണ്. അത്തരമൊരു നിയന്ത്രണം അംബേദ്കർ സിനിമയ്ക്ക് ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടില്ല. |
| (ബി) | പ്രസ്തുത സിനിമ സർക്കാർ തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) | പ്രസ്തുത സിനിമയുടെ വിതരണക്കാർ/ നിർമ്മാതാക്കൾ എന്നിവരുടെ അപേക്ഷ ലഭിക്കുന്ന പക്ഷം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**